Centenary Publication - 8

# കൊമ്പൻ ചെല്ലി നിയന്ത്രണത്തിനു തോട്ടത്തിന്റെ ശുചിത്വം ഉറപ്പാക്കുക

- മണ്ട മറിഞ്ഞ് ഉണങ്ങി ദ്രവിച്ച് തുടങ്ങുന്ന തെങ്ങിൻ തടിയിലും, തടികൾ വെട്ടിമാറ്റിയ ജീർണ്ണിക്കുന്ന കുറ്റിയിലും ചെല്ലികൾ മുട്ടയിട്ട് പെരുകുന്നതിനാൽ ഇത്തരം തടികൾ നശിപ്പിക്കേണ്ടതാണ്.
- കാലിവളം, കമ്പോസ്റ്റ് എന്നിവയിൽ മെറ്റാറൈസിയം കുമിൾ പ്രയോഗിച്ച് ചെല്ലികളുടെ കുണ്ടള പുഴുക്കളെ നശിപ്പിക്കുക.
- കമ്പോസ്റ്റ് കുഴികളിൽ ചെല്ലികൾ വരാതിരിക്കാനായി വലകൊണ്ട് മൂടുക.







## ഒരുവേരൻ ചെടിയുടെ ഉപയോഗം

ചെല്ലി മുട്ടയിട്ട് പെരുകുന്ന കാലിവളക്കുഴി, കമ്പോസ്റ്റ്കുഴി എന്നിവിടങ്ങളിൽ ഒരുവേരൻ (പെരുവലം) പിഴുതു ചേർക്കുന്നത് കീടനിയന്ത്രണത്തിന് സഹായകമാണ്. പെട്ടെന്ന് അഴുകി ചാണകവുമായി കലരുന്നതിനാൽ ഇത് ഭക്ഷിക്കുന്ന പുഴുക്കളിൽ ഹോർമോൺ വ്യതിയാനങ്ങൾ ഉണ്ടാക്കുകയും അവയുടെ വളർച്ച തടസ്സപ്പെടുത്തുകയും ചെയ്യുന്നു. തന്മൂലം പൂർണ്ണ വളർച്ച പ്രാപിക്കാതെ തന്നെ അവ ചത്തൊടുങ്ങുകയും ചെയ്യുന്നു.







ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ -
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം
കൃഷ്ണപുരം, കായംകുളം – 690 533, കേരളം
ഫോൺ : 0479 – 2442160

## കൊമ്പൻ ചെല്ലിയുടെ വിവിധങ്ങളായ ആക്രമണ ലക്ഷണങ്ങൾ

തൈകളിലെ ആക്രമണം



നാമ്പോല ഒടിയുന്നു



ചെല്ലികൾ



ചെല്ലി നാമ്പോലയിൽ തുളച്ചുകയറുന്നു



വിടർന്ന ഓലയിൽ കാണുന്ന ലക്ഷണം



തയ്യാറാക്കിയത്
ചന്ദ്രിക മോഹൻ, പി.അനിതകുമാരി, ദേവിക.എസ്സ്, സംഗീത.എസ്സ് & റസിയ. കെ.എച്ച്
JULY - 2015

സാമ്പത്തിക സഹായം
നാളികേര വികസന ബോർഡ്

Published by: Dr. P.Chowdappa, Director, ICAR-CPCRI, Kasaragod, Kerala-671124.